# എക്സ്പ്രസ് ഹൈവേ: കരയേണ്ടതുണ്ടോ?

നായനാർ മുതൽ നാണപ്പേട്ടൻവരെയുള്ള കേരളീയരും മനോരമ മുതൽ വേണുവിന്റെ സമീക്ഷ വരെയുള്ള പത്രങ്ങളും രോഷം കൊള്ളുകയാണ് - എക്സ്പ്രസ് ഹൈവെ കേരളത്തിലൂടെ കടന്നുപോകുന്നില്ല എന്നറിഞ്ഞതുമുതൽ പാൽകടൽ കടഞ്ഞെടുത്ത അമൃതത്തിന്റെ ഒരു പങ്ക് നമുക്ക് കിട്ടാതെ പോകുന്നു എന്ന മട്ടിലാണ് ബഹളം.

കാശ്മീർ മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഒരു ഗംഭീരൻ ആറുവരിപ്പാത. അത് കടന്നുപോകാത്ത പ്രധാന ഉപനഗരങ്ങളെ അതുമായി ബന്ധിപ്പിക്കുന്ന ഉപപാതകൾ. ഇത്രയും ചേർന്നതാണ് എക്സ്പ്രസ് ഹൈവേ എന്ന സങ്കല്പം. മൊത്തം 13,000 കിലോമീറ്റർ നീളം. ഒരു കിലോമീറ്റർ റോഡ് പണിയാൻ പത്തുകോടി രൂപ വെച്ച്, മൊത്തം ഒന്നേകാൽ ലക്ഷം കോടി രൂപ ചെലവ്.

ഇത്രയും പണം കണ്ടെത്താൻ ഇന്ത്യാ ഗവൺമെന്റിന് കഴിയാത്തതിനാൽ ആഗോള ടെണ്ടർവെച്ച് സ്വകാര്യകമ്പനികളെ അതായത് കോടാനുകോടി രൂപ മൂലധനമായുള്ള ബഹുരാഷ്ട്ര കുത്തകകളെ പണിയേല്പിക്കാനാണ് ആലോചന. പണി കഴിഞ്ഞാൽ അതിലൂടെ ഓടുന്ന വാഹനങ്ങളിൽനിന്നും ടോൾ പിരിച്ച് കമ്പനികൾക്ക് മുടക്കുമുതലും ലാഭവും കണ്ടെത്താം.

ഇനി ഒന്നാലോചിച്ചു നോക്കൂ.

കമ്പനികൾ പണം മുടക്കുന്നത് ലാഭമുണ്ടാക്കാനാണ്. ചെലവെല്ലാം കഴിഞ്ഞ് മുടക്കുമുതലിന് ഒരു വർഷം പത്തുശതമാനം പലിശയെങ്കിലും ലഭിക്കണമെന്ന് അവർ വിചാരിക്കുമെന്ന് കരുതുക. പത്തുശതമാനം ലാഭവും നടത്തിപ്പുചെലവുംകൂടി ഒരുവർഷം പന്ത്രണ്ടുശതമാനം അവർ വരവു പ്രതീക്ഷിച്ചാൽ അതിനർത്ഥം ടോൾ ഇനത്തിൽ പതിനായിരം കോടി രൂപ ഓരോ വർഷവും പിരിച്ചെടുക്കുക എന്നാണ്.

ആ പാതയിൽകൂടി പോകുന്ന വാഹനങ്ങളഇൽനിന്നു മാത്രമായി അത്രയും തുക പിരിച്ചെടുക്കാനാവില്ല എന്നു വ്യക്തം. അപ്പോൾ പിന്നെ എന്തു ചെയ്യും?

എക്സ്പ്രസ് ഹൈവേയുടെ ഭാഗമായി ഹോട്ടലുകളും വിനോദകേന്ദ്രങ്ങളും മറ്റു വ്യാപാരകേന്ദ്രങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും തുടങ്ങാനുള്ള അനുമതി ഹൈവേ നിർമിച്ച കമ്പനികൾക്ക് നൽകേണ്ടിവരും.

എക്സ്പ്രസ് ഹൈവേ കടന്നുപോകുന്നിടത്തെല്ലാം അതുകൊണ്ട് വ്യാപാരനേട്ടമുണ്ടാകും എന്നു കണക്കാക്കി അവിടങ്ങളിലെല്ലാം പ്രത്യേക നികുതികൾ ചുമത്തേണ്ടിവരും.

എക്സ്പ്രസ് ഹൈവേയിലേക്ക് ഫണ്ട് കണ്ടെത്താനായി ഡീസലിന് ഒരു ലിറ്ററിന്മേൽ ഒരു രൂപ വീതം സെസ് ചുമത്താനും ധാരണയായിട്ടുണ്ട്.

പിന്നെയും ഏതെല്ലാം ചുങ്കങ്ങളും പിരിവുകളും വരുമെന്ന് തമ്പുരാനെ അറിയൂ. എന്തായാലും കേരളത്തേപ്പോലൊരു സംസ്ഥാനത്തിന് നേട്ടത്തിനേക്കാൾ പതിന്മടങ്ങായിരിക്കും നഷ്ടം എന്നുറപ്പ്. ലാഭം മുഴുവൻ വിദേശ കുത്തക സ്ഥാപനങ്ങൾ നാടുകടത്തിക്കൊണ്ടുപോകുകയും ചെയ്യും.

എല്ലാ ഗ്രാമപഞ്ചായത്തിലും വിമാനത്താവളവും എല്ലാ ഊടുവഴികളും ഹൈവേകളും ആകുമ്പോഴാണ് വികസനം സംഭവിക്കുക എന്ന ധാരണ മണ്ടത്തരമാണ്. (ഇപ്പോൾ ജനകീയാസൂത്രണം തന്നെ ഗ്രാമങ്ങളിലെത്തുന്നത് പ്രധാനമായും ടാർവീപ്പകളായാണല്ലോ).

അതുകൊണ്ട് നമുക്കീ എക്സ്പ്രസ് ഹൈവേ വേണ്ട - അതിന്റെ കൂടെയെത്തുന്ന ബാറുകളും ഐസ്ക്രീം പാർലറുകളും സെക്സ് ടൂറിസവും വേണ്ട.